# മന്ത്രിസഭാ യോഗതീരുമാനങ്ങൾ 22.06.2016

## ധനസഹായം

കുളത്തിൽ വീണ് മരിച്ച മലപ്പുറം, തിരൂർ, പുറത്തൂർ ചെമ്പ്ര വീട്ടിൽ സി. സുഭാഷിന്റെ മകൻ അഭിഷേക് കൃഷ്ണ, മലപ്പുറം, മഞ്ചേരി, താണിപ്പാറ സലീനാ മൻസിലിൽ മുഹമ്മദ് കുർബാന്റെ മകൾ, കെ.പി. ജാസ്മിൻ എന്നിവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മൂന്ന് ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചു.

കാഞ്ഞങ്ങാട്- കാസർഗോഡ് സ്റ്റേറ്റ് ഹൈവേയിൽ പള്ളിക്കരയിൽ വച്ച് കാർ മരത്തിലിടിച്ച് മരിച്ച ആറുപേർക്ക് രണ്ടുലക്ഷം രൂപ വീതവും ചികിത്സയിലുള്ളവർക്ക് 50,000 രൂപ വീതവും നൽകാൻ തീരുമാനിച്ചു.

## കാലാവധി നീട്ടി

നിലവിലുള്ള എല്ലാ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെയും കാലാവധി 6 മാസം കൂടി ദീർഘിപ്പിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു.

## നിയമിച്ചു

സീനിയർ ഗവ. പ്ലീഡർമാരായി പി. നാരായണൻ, പി.പി. താജുദ്ദീൻ, പി. എൻ. സന്തോഷ്, നിഷ ബോസ് എന്നിവരെ നിയമിച്ചു.

സ്പെഷ്യൽ ഗവ, പ്ലീഡർമാരായി എൻ. മനോജ്കുമാർ, എം. ആർ. ശ്രീലത, പി. സന്തോഷ്കുമാർ എന്നിവരെ നിയമിച്ചു.